# മധുരമായ കുട്ടികളെ– അച്ഛൻ വന്നിരിക്കുന്നു അനാഥരെ സനാഥരാക്കുവാൻ, എല്ലാവരെയും ദുഃഖങ്ങളിൽ നിന്ന് മോചിപ്പിച്ച് സുഖധാമത്തിലേക്ക് കൊണ്ടുപോകുവാൻ

**ചോദ്യം:–** കൽപ–കൽപം ബാബ തന്റെ കുട്ടികൾക്ക് ഏതൊരു ധൈര്യമാണ് നൽകുന്നത്?
**ഉത്തരം:–** മധുരമായ കുട്ടികളേ – നിങ്ങൾ നിശ്ചിന്തമായിരിക്കൂ, വിശ്വത്തിൽ ശാന്തി സ്ഥാപിക്കുക, സർവ്വരെയും ദുഃഖത്തിൽ നിന്ന് മോചിപ്പിക്കുക എന്റെ കർത്തവ്യമാണ്. ഞാൻ തന്നെ വന്നിരിക്കുന്നു നിങ്ങൾ കുട്ടികളെ ഈ രാവണ രാജ്യത്തിൽ നിന്ന് മോചിപ്പിച്ച് രാമരാജ്യത്തിലേക്ക് കൊണ്ട് പോകുവാൻ. നിങ്ങൾ കുട്ടികളെ തിരികെ കൊണ്ടുപോകുക എന്റെ തന്നെ കർത്തവ്യമാണ്.

**ഗീതം:–** ആകാശ സിംഹാസനം ഉപേക്ഷിച്ചു വരൂ. . .

ഓം ശാന്തി. കുട്ടികൾ ഗീതം കേട്ടു. കുട്ടികൾ വീണ്ടും വരൂ എന്ന് പറഞ്ഞ് തന്റെ പരമപ്രിയ പരംപിതാവിനെ ഓർമ്മിക്കുന്നു, എന്തുകൊണ്ടെന്നാൽ മായയുടെ നിഴൽ പതിഞ്ഞിരിക്കുന്നു അഥവാ രാവണരാജ്യമായിരിക്കുന്നു. എല്ലാവരും തന്നെ ദുഃഖിതരാണ്. പറയുന്നു ഞങ്ങൾ പതിതരാണ്. അപ്പോൾ ബാബ പറയുന്നു ഞാൻ കൽപ–കൽപം, കൽപത്തിന്റെ സംഗമയുഗേ വരുന്നു. അയ്യായിരം വർഷം മുൻപും വന്നിരുന്നു വീണ്ടും കൽപത്തിന്റെ സംഗമയുഗത്തിൽ വന്നിരിക്കുന്നു. അച്ഛൻ വന്ന് ധൈര്യം നൽകുന്നു. കുട്ടികളേ നിശ്ചിന്തമായിരിക്കൂ, ഇതെന്റെ മാത്രം പാർട്ടാണ്. കുട്ടികൾ പറയുന്നു ബാബാ വരൂ, വന്ന് വീണ്ടും രാജയോഗം പഠിപ്പിക്കൂ. വന്ന് പതിത ലോകത്തെ പാവനമാക്കൂ. ഈ സമയം എല്ലാവരും അനാഥരാണ്. അനാഥരെന്ന് പറയുന്നത് മാതാപിതാവില്ലാത്തവരെയാണ്. പരസ്പരം വഴക്കു കൂടി കലഹിച്ചു കൊണ്ടിരിക്കുന്നു. എല്ലാവരും വലിയ ദുഃഖിതരാണ്. മുഴുവൻ ലോകത്തിലും അശാന്തിയാണ് അതുകൊണ്ട് കുട്ടികളെ ദുഃഖത്തിൽ നിന്ന് കരകയറ്റി അഥവാ രാവണ രാജ്യത്തിൽ നിന്ന് മോചിപ്പിച്ച് രാമരാജ്യം, സുഖധാമത്തിലേക്ക് കൊണ്ട് പോകാൻ വന്നിരിക്കുന്നു. ബാബ പറയുന്നു ഇതെന്റെ കടമയാണ്. മുഴുവൻ ലോകത്തിന്റെ അതായത് എല്ലാ ആത്മാക്കളുടെയും ഒരേ ഒരു പിതാവാണ്. എല്ലാവരും പറയുന്നു, അല്ലയോ പരിധിയില്ലാത്ത ബാബാ, അങ്ങിപ്പോൾ മുകളിൽ നിന്ന് സിംഹാസനം ഉപേക്ഷിച്ച് വന്നിരിക്കുന്നു. ബ്രഹ്മ മഹാതത്ത്വത്തിൽ വസിക്കുകയല്ലേ. ഇവിടെയുള്ളത് ജീവാത്മാക്കളാണ്. അവിടെ ആത്മാക്കളുടെ സ്ഥാനം, അതിനെ ബ്രഹ്മാണ്ഡമെന്ന് പറയുന്നു. അപ്പോൾ ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു ഇത് സുഖത്തിന്റെയും ദുഃഖത്തിന്റെയും നാടകമാണ്. വിളിക്കുന്നുമുണ്ട് അല്ലയോ പരമപിതാ പരമാത്മാവേ എന്ന്, എന്തുകൊണ്ടെന്നാൽ ദുഃഖിതരാണ്. ഈ ഗീതവും ഇതിനെക്കുറിച്ച് ഉണ്ടാക്കിയിട്ടുള്ളതാണ്. കുട്ടികൾക്ക് എന്ത് മറവിയാണ് സംഭവിച്ചിരിക്കുന്നത്. അച്ഛനെ മറന്നിരിക്കുന്നു. ഗീതയുടെ ഭഗവാനെ, ആരാണോ സഹജ രാജയോഗം പഠിപ്പിച്ചത്, അനാഥരെ സനാഥരാക്കിയത്,ആ ആളെ അറിയില്ല. പാടുന്നുണ്ട് – അല്ലയോ അനാഥരെ സനാഥനാക്കുന്നവനേ എന്ന്. ഭാരതത്തെ തന്നെയാണ് അനാഥത്തിൽ നിന്ന് സനാഥമാക്കുന്നത്. ഭാരതം തന്നെയാണ് സനാഥവും, സദാ സുഖിയുമായിരുന്നത്. പവിത്രതയും ശാന്തിയും സമൃദ്ധിയുമുണ്ടായിരുന്നു. ഗൃഹസ്ഥാശ്രമമായിരുന്നു. ഭാരതം മഹാപവിത്രമായിരുന്നു. പാടുന്നുമുണ്ട് 16 കലാ സമ്പൂർണ്ണം, സമ്പൂർണ്ണ നിർവ്വികാരി. . . . ഇവിടെയാണെങ്കിൽ എല്ലാവരും അനാഥരായിരിക്കുന്നു. ഇവർക്ക് ഹിംസയും അഹിംസയുമെന്ന് എന്തിനെയാണ് പറയുന്നതെന്ന് പോലും അറിയില്ല. അവർ മനസ്സിലാക്കുന്നത് പശുവിനെ ഉപദ്രവിക്കുന്നതെല്ലാമാണ് ഹിംസ എന്നാണ്. ബാബ പറയുന്നു പരസ്പരം കാമ വികാരമുപയോഗിക്കുന്നത് ഹിംസയാണ്. രാവണന്റെ പ്രവേശം കാരണം എല്ലാവരും പതിതമായിരിക്കുന്നു. ബാബ പറയുന്നു നമ്പർവൺ ശത്രു ദേഹ–അഭിമാനമാണ്. പിന്നീട് കാമം, ക്രോധം ഈ 5 വികാരങ്ങളും നിങ്ങളുടെ ശത്രുക്കളാണ്, ഇതാണ് നിങ്ങളെ അനാഥരാക്കിയത്. ബാബ ചോദിക്കുന്നു അല്ലയോ ഭാരതവാസി കുട്ടികളേ നിങ്ങൾക്കോർമ്മ വരുന്നില്ലേ സത്യയുഗത്തിൽ നമ്മൾ സനാഥനരായിരുന്നപ്പോൾ എത്ര സുഖികളായിരുന്നു! ഇവിടെ ആരെങ്കിലും ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ പറയുന്നു – സ്വർഗ്ഗത്തിലേക്ക് പോയി. നരകത്തിൽ നിന്നല്ലേ പോയത്. എങ്കിൽ മനസ്സിലാക്കണം ഭാരതം ഈ സമയം നരകമാണ്, ഇതിനെയാണ് കൊടും നരകമെന്ന് പറയുന്നത്. ഗരുഡ പുരാണത്തിൽ കഥകളുണ്ട്. വിഷയസാഗരത്തിൽ എല്ലാവരും മുങ്ങി താഴ്ന്നുകൊണ്ടിരിക്കുകയാണ്, അല്ലാതെ മറ്റൊരു നദിയുമല്ല. പരസ്പരം മുറിവേൽപ്പിച്ച്, ദുഃഖിതരാക്കി കൊണ്ടിരിക്കുന്നു. ബാബ വന്ന് മനസ്സിലാക്കി തരുന്നു, ഈ ദുഃഖത്തിന്റെയും സുഖത്തിന്റെയും നാടകം ഉണ്ടാക്കിയിട്ടുള്ളതാണ്. അല്ലാതെ ഇപ്പോൾ തന്നെ നരകം, ഇപ്പോൾ തന്നെ സ്വർഗ്ഗം അങ്ങനെയല്ല. ആരുടെ പക്കലാണോ ധാരാളം ധനമുള്ളത് അവർ സ്വർഗത്തിലാണ്, അല്ല. ധനവാനും

ദു:ഖിയാകുന്നു. ഈ സമയം മുഴുവൻ ലോകവും ദു:ഖിതരാണ്. ബാബ മനസ്സിലാക്കി തരുന്നു നിങ്ങളുടെ നാഥൻ മാതാ–പിതാവാണ്, ആ ആളെക്കുറിച്ച് തന്നെയാണ് നിങ്ങൾ പാടിയിട്ടുള്ളത് അങ്ങ് തന്നെ മാതാ–പിതാവ്. . . . മനുഷ്യർക്കാണെങ്കിൽ അറിയുകയേയില്ല, ലക്ഷ്മീ–നാരായണന്റെ മുന്നിൽ പോയും പറയും – അങ്ങ് മാതാ–പിതാവാണ്.... രാധാ–കൃഷ്ണന്റെ മുന്നിൽ പോയും പറയും അങ്ങ് മാതാ–പിതാവാണ്... എന്തുകൊണ്ടെന്നാൽ പിതാവിനെത്തന്നെ അറിയില്ല. രചയിതാവായ ബാബയെയും ബാബയുടെ രചനയെയും അറിയില്ല. ഇത് സൃഷ്ടിയുടെ ചക്രമാണ്. മായയുടെ ചക്രമെന്ന് പറയില്ല. മായയെന്ന് 5 വികാരങ്ങളെയാണ് പറയുന്നത്. ധനത്തെ സമ്പത്തെന്നാണ് പറയുന്നത്. സമ്പത്തിവാൻ ഭവ, ആയുഷ്മാൻ ഭവ, പുത്രവാൻ ഭവ. ഈ ആശീർവ്വാദം അച്ഛൻ തന്നെയാണ് നൽകുന്നത്. ബാക്കി അവരെല്ലാം ഭക്തി മാർഗ്ഗത്തിലെ ഗുരുക്കൻമാരാണ്. ജ്ഞാന സാഗരൻ ഒരേഒരാളാണ് ആ ആളെക്കുറിച്ച് തന്നെയാണ് പാടുന്നത്. ഗീത കേട്ടതിന് ശേഷം പിന്നെ പറയുന്നു ശ്രീകൃഷ്ണ ഭഗവാനുവാച. നോക്കൂ കൃഷ്ണനെങ്ങനെ ഭഗവാനാകും! ഇത് മുകളിലുള്ള ആളെയാണ് വിളിക്കുന്നത് അതായത് രൂപം മാറ്റി വരൂ. നിങ്ങൾ ആത്മാക്കളും രൂപം മാറുന്നുണ്ട്. ബാബയും മനുഷ്യ ശരീരത്തിലേക്ക് തന്നെയല്ലേ വരിക. കാളയിലൊന്നും വരില്ല. നിങ്ങൾ പറയുന്നു ബാബയും ഞങ്ങളെപോലെ രൂപം മാറി മനുഷ്യ ശരീരത്തിലേക്ക് വരൂ എന്ന് . ഞാൻ കാളയിലോ ആമയിലോ മത്സ്യത്തിലോ ഒന്നും വരുന്നില്ല. ആദ്യമാദ്യം പ്രജാപിതാബ്രഹ്മാവിലൂടെ മനുഷ്യ സൃഷ്ടിയാണ് രചിക്കുന്നത്. അപ്പോൾ രണ്ടച്ഛൻമാരായി – ഒന്ന് പരമപിതാ പരമാത്മാവ് ശിവൻ – ആരെയാണോ അല്ലയോ അനാഥരെ സനാഥരാക്കുന്ന ബാബാ വരൂ എന്ന് വിളിക്കുന്നത്, പിന്നെ പാടുന്നു ജ്ഞാനസൂര്യൻ ഉദിച്ചു. . . ജ്ഞാന സൂര്യൻ ആ ബാബ തന്നെയാണ് ഏറ്റവും ഉയർന്നത്. ഈ കളിയെയും മനസ്സിലാക്കണമല്ലോ. ഭാരതത്തിൽ തന്നെയാണ് കളി. ബാക്കിയെല്ലാം ഉപകഥളാണ്. ഭാരതത്തിന്റെ ദേവീ–ദേവതാ ധർമ്മം തന്നെയാണ് ശേഷ്ഠം, നമ്പർവൺ. ദൈവീക ധർമ്മവും, ദൈവീക കർമ്മവും ശ്രേഷ്ഠമായിരുന്നു. ഇപ്പോൾ ധർമ്മവും കർമ്മവും ഭ്രഷ്ടമായിരിക്കുന്നു.

ബാബ മനസ്സിലാക്കി തരുന്നു മുഖ്യ ധർമ്മങ്ങൾ നാലാണ്, ഏറ്റവും ആദ്യം ദേവീ–ദേവതാ ധർമ്മം. സത്യയുഗ സ്ഥാപനയുടെ കർത്തവ്യം ഒരേഒരു ബാബ തന്നെയല്ലേ ചെയ്യുക. അതാണ് സ്വർഗ്ഗ സ്ഥാപകനായ പിതാവ്. ബാബ പറയുന്നു ഞാൻ കൽപത്തിന്റെ ഒരേഒരു സംഗമയുഗത്തിലാണ് വരുന്നത്. നമ്മൾ സനാഥരായിക്കൊണ്ടിരിക്കുകയാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. അനാഥരെ സനാഥരാക്കുന്നത് ഒരേഒരു ബാബയാണ്. മനുഷ്യൻ, മനുഷ്യന് അൽപകാല സുഖം മാത്രമേ നൽകാൻ സാധിക്കൂ. ഈ ലോകം തന്നെ ദുഃഖത്തിന്റേതാണ്. രക്ഷിക്കൂ–രക്ഷിക്കൂ എന്ന് നിലവിളിച്ചുകൊണ്ടിരിക്കുന്നു. ഭാരതം സുഖധാമമായിരുന്നു, ഇപ്പോൾ ദുഃഖധാമമാണ്. വന്നത് ശാന്തിധാമത്തിൽ നിന്നാണ്, ഇപ്പോൾ നാടകം പൂർത്തിയായുകയാണ്. ഈ വസ്ത്രം പഴയതായിരിക്കുന്നു, ഗൃഹസ്ഥത്തിൽ കഴിഞ്ഞുകൊണ്ടും പവിത്രമാകണം. ഞാൻ നിങ്ങളുടെ പിതാവ് വന്നിരിക്കുന്നു പവിത്ര സ്വർഗ്ഗം സ്ഥാപിക്കുന്നതിന്. ആദ്യം പവിത്രമായിരുന്നു, ഇപ്പോൾ അപവിത്രമാണ്. അരകൽപം രാമരാജ്യമാണ്, അരകൽപം രാവണ രാജ്യമാണ്. ഇപ്പോൾ നിങ്ങൾ ഈശ്വരീയ മടിത്തട്ടിലാണ്. ഇത് ഈശ്വരീയ കുടുംബമാണ്. മുത്തച്ഛൻ ശിവബാബയാണ്. പ്രജാപിതാ ബ്രഹ്മാവാണ് അച്ഛൻ. ഇത് യാഥാർത്ഥ്യമാണ്. നിങ്ങൾക്കറിയാം നിരാകാരനായ ബാബ വന്ന് പ്രവേശിച്ചിരിക്കുകയാണെന്ന്. മനുഷ്യ ശരീരത്തിലാണ് വന്നിരിക്കുന്നത്. ആ ബാബയിരുന്ന് ആത്മാക്കളോട് സംസാരിക്കുകയാണ്. ബാബയെ ആത്മീയ സർജനെന്ന് പറയുന്നു. ആത്മാവിന് ഇഞ്ചക്ഷൻ വെയ്ക്കുന്നു. അവരാണെങ്കിൽ ആത്മാവ് നിർലേപമെന്നാണ് പറയുന്നത് എന്നാൽ ആത്മാവെങ്ങനെ നിർലേപമാകും. ആത്മാക്കളിൽ തന്നെയാണ് സംസ്ക്കാരമുള്ളത്, അതനുസരിച്ചാണ് ജന്മമെടുക്കുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് പരംപിതാ പരമാത്മാവിനെ അറിയാം. അല്ലയോ പതിത–പാവനാ പരംപിതാ പരമാത്മാ അങ്ങ് ഈ മനുഷ്യ സൃഷ്ടിയുടെ ബീജ രൂപനായ പിതാവാണെന്നു പറഞ്ഞ് എല്ലാവരും ബാബയെ തന്നെയാണ് ഓർമ്മിക്കുന്നത്. ചൈതന്യമാണ്, ജ്ഞാന സാഗരനാണ്. മുഴുവൻ ജ്ഞാനവും ആത്മാവിലുണ്ട്. പിന്നീട് സംസ്ക്കാരമനുസരിച്ച് പഠിത്തത്തിലൂടെ പോയി നിങ്ങൾ രാജാവാകുന്നു. ബാബയിലും ജ്ഞാനത്തിന്റെ സംസ്ക്കാരമില്ലേ. സൃഷ്ടിയുടെ ആദി–മദ്ധ്യ–അന്ത്യത്തിന്റെ ജ്ഞാനമുണ്ട്. നിങ്ങളെയും ത്രികാലദർശിയാക്കുന്നു. നിങ്ങൾക്കറിയാം നമ്മൾ ആത്മാക്കൾ മൂലവതനത്തിൽ നിന്നാണ് വരുന്നത്. ബ്രഹ്മത്തെ പരമാത്മാവെന്ന് പറയാൻ സാധിക്കില്ല. ബാബ വന്ന് ഏതൊരു ജ്ഞാനമാണോ കേൾപ്പിക്കുന്നത് അതിന്റെ പേരാണ് ഗീത എന്ന് വെച്ചിരിക്കുന്നത്. ബാബ തന്നെയാണ് വന്ന് രാജധാനി സ്ഥാപിക്കുന്നത്. മറ്റാരും രാധാനി സ്ഥാപിക്കുന്നില്ല. ഇപ്പോൾ രാജധാനി സ്ഥാപിതമാകണം അതുകൊണ്ട് പവിത്രമാകണം. ഇപ്പോൾ ബാബ നിങ്ങൾ കുട്ടികളെ ജ്ഞാനം കേൾപിച്ച് പവിത്രമാക്കി സനാഥനരാക്കുന്നു. ഡ്രാമ എന്ന വാക്കും ആർക്കും അറിയില്ല. ഇത് അനാദിയും അവിനാശിയുമായ ഡ്രാമയാണ്. എല്ലാ ആത്മാക്കൾക്കും അവിനാശിയായ പാർട്ട് ലഭിച്ചിട്ടുണ്ട്. പരമാത്മാവിന്റെയും പാർട്ടുണ്ട്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ശിവൻ ഇത്രയും വലിയ ലിംഗമൊന്നുമല്ല. ശിവനെയാണ് പരംപിതാ പരമാത്മാവെന്നാണ് പറയുന്നത്. ആത്മാവിന്റെ രൂപം എന്താണ്? നക്ഷത്രം, പ്രകാശം, ഭൃകുടി മദ്ധ്യത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന അദ്ഭുത നക്ഷത്രം, ഇത്രയും

ചെറിയ ആത്മാവിൽ എത്ര വലിയ പാർട്ടാണ്. അദ്ഭുതമല്ലേ. ബാബ പറയുന്നു എന്റെ ആത്മാവിലും പാർട്ടുണ്ട്. ഭക്തി മാർഗ്ഗത്തിൽ ഞാൻ നിങ്ങളുടെ എത്ര വലിയ സേവനമാണ് ചെയ്യുന്നത്. ഈ സമയത്ത് വലിയ അദ്ഭുതകരമായ പാർട്ടാണ്. കൽപ-കൽപം നിങ്ങൾ കുട്ടികളുടെ പാർട്ട് നടന്നുകൊണ്ടിരിക്കുന്നു. അഭിനേതാക്കളും നമ്പർവൈസാണ്. ഏറ്റവും ആദ്യം ബാബ. ബാബയുടെ പക്കൽ ഏതൊരു ജ്ഞാനമാണോ ഉള്ളത് അത് എല്ലാവർക്കും നൽകുന്നു. ബാബ പറയുന്നു കുട്ടികളേ ഇത് രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി നേടൂ, ഏത് സീറ്റ് വേണോ നേടൂ. പുരുഷാർത്ഥം ചെയ്യണം, പ്രാലബ്ധത്തിനായി. പരിധിയില്ലാത്ത ബാബയിൽ നിന്ന് പരിധിയില്ലാത്ത സുഖം നേടുന്നതിന് വേണ്ടി. ജഗദംബയെ ജ്ഞാനത്തിന്റെ ദേവിയെന്ന് പറയുന്നു. എവിടെ നിന്നാണ് ജ്ഞാനം ലഭിച്ചത്? ബ്രഹ്മാവിൽ നിന്ന്. ബ്രഹ്മാവിന് ആരാണ് നൽകിയത്? ശിവപരമാത്മാവ്. ബ്രഹ്മാവിലൂടെ ബ്രഹ്മാകുമാരൻമാർക്കും കുമാരിമാർക്കും ഈ ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുന്നു, ആ ബ്രാഹ്മണർ പിന്നീട് ഈ യജ്ഞത്തിന് നിമിത്തമാകുന്നു. ഇതിനെ രുദ്ര ജ്ഞാന യജ്ഞമെന്ന് പറയുന്നു, ഇതിൽ ഈ മുഴുവൻ പഴയ ലോകവും സമാപ്തമാകും. ഉത്സവങ്ങളെല്ലാം ഈ സംഗമത്തിന്റേതാണ്. ശിവന് പകരം കൃഷ്ണ രാത്രിയെന്ന് പറഞ്ഞ്, കൃഷ്ണന്റെ ജന്മം രാത്രിയിൽ കാണിച്ചിരിക്കുന്നു. ശിവരാത്രിയുടെ അർത്ഥം മനസ്സിലാക്കുന്നില്ല. കലിയുഗമാണ് രാത്രി, സത്യയുഗമാണ് പകൽ. രാത്രിയിൽ വന്ന് പകലാക്കുന്നു, അതിനെയാണ് ശിവ ജയന്തിയെന്ന് പറയുന്നത്. പരിധിയില്ലാത്ത രാത്രിയും, പരിധിയില്ലാത്ത പകലുമാണ്. ഈ ശിവശക്തി സേന ഭാരതത്തെ സ്വർഗ്ഗമാക്കുന്നവരാണ്. നോക്കൂ, എങ്ങനെ ഗുപ്തമായിരുന്നാണ് പഠിക്കുന്നത്. യോഗബലത്തിലൂടെ രാജ്യം നേടുന്നു. പ്രാചീന രാജയോഗം പ്രസിദ്ധമാണ്, അതിലൂടെയാണ് വിശ്വത്തിന്റെ രാജ്യഭാഗ്യം ലഭിക്കുന്നത്. എല്ലാവരും പാവനമാകുന്നു. ഈ ജ്ഞാനം ആത്മാവാണ് ധാരണ ചെയ്യുന്നത്. ആത്മാവിന്റെ ജ്ഞാനവും ആരിലും ഇല്ല. സത്യയുഗത്തിൽ ആത്മാവിന്റെ ജ്ഞാനം ഉണ്ടായിരിക്കും. ബാക്കി പരമാത്മാവിന്റെയും, രചനയുടെയും ഉണ്ടായിരിക്കില്ല. ഈ ജ്ഞാനം നിങ്ങൾ ബ്രാഹ്മണർക്ക് മാത്രമായുള്ളതാണ്. നിങ്ങൾ ഏറ്റവും ഉയർന്നവരാണ്, നിങ്ങൾ ആത്മീയ സേവനം ചെയ്യുന്നു. ഒരു യാത്രക്കാരൻ വരുന്നു നിങ്ങൾ പ്രിയതമകളെ വെളുപ്പിക്കുന്നതിന്. യാത്രക്കാരൻ ഒരാൾ ബാക്കി എല്ലാവരും പ്രിയതമകൾ. പ്രജകളാകുന്നവർ അഥവാ മുക്തിധാമത്തിൽ നിവസിക്കുന്നവർ വലിയ വിഭാഗം ഘോഷയാത്രക്കാരാണ്. പ്രിയതമൻ വരുന്നത് തന്നെ - എല്ലാവരെയും അലങ്കരിച്ചുകൊണ്ടു പോകുന്നതിനാണ്, എല്ലാവരും കൊതുകിൻ കൂട്ടം പോലെ തിരിച്ച് പോകും. ശരി.

മധുര മധുരമായ തിരികെക്കിട്ടിയ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ലൈറ്റ് ഹൗസാകണം. ഒരു കണ്ണിൽ ശാന്തിധാമവും, മറുകണ്ണിൽ സുഖധാമവും കറങ്ങിക്കൊണ്ടിരിക്കണം. ഈ ദുഃഖധാമത്തെ കണ്ടിട്ടും കാണരുത്.

2) ബാബയ്ക്ക് സമാനം ജ്ഞാനത്തിൽ നിറഞ്ഞ് പരിധിയില്ലാത്ത സുഖം നേടാനായി പൂർണ്ണ പുരുഷാർത്ഥം ചെയ്യണം. എന്ത് ജ്ഞാനമാണോ ലഭിച്ചത് അത് മറ്റുള്ളവർക്കും നൽകണം.

## വരദാനം:- സർവ പ്രാപ്തികളുടെയും സ്മൃതിയിലൂടെ ഉദാസീനതയ്ക്ക് വിട നൽകുന്ന സന്തോഷങ്ങളുടെ ഖജനാവിനാൽ സമ്പന്നരായി ഭവിക്കട്ടെ

സംഗമയുഗത്തിൽ എല്ലാ ബ്രാഹ്മണ കുട്ടികൾക്കും അച്ഛനിലൂടെ സന്തോഷത്തിന്റെ ഖജനാവ് ലഭിക്കുന്നു, അതിനാൽ എന്തു തന്നെ സംഭവിച്ചാലും-ശരീരം തന്നെ പോയാലും സന്തോഷത്തിന്റെ ഖജനാവിനെ വിടരുത്. സദാ സർവ പ്രാപ്തികളുടെ സ്മൃതിയിൽ കഴിയുക എങ്കിൽ ഉദാസീനതയ്ക്ക് വിട ലഭിക്കും. ജോലിവ്യാപാരങ്ങളിൽ നഷ്ടമുണ്ടായാലും അപ്പോഴും മനസിൽ ഉദാസീനതയുടെ അല വരരുത്. എന്തെന്നാൽ അളവറ്റ പ്രാപ്തികൾക്കു മുന്നിൽ ഇതെന്താ വലിയ കാര്യമാണോ! അഥവാ സന്തോഷമുണ്ടെങ്കിൽ എല്ലാമുണ്ട്, സന്തോഷമില്ലെങ്കിൽ ഒന്നും തന്നെയില്ല.

## സ്ലോഗൻ:- മാസ്റ്റർ ദു:ഖഹർത്താ, സുഖകർത്താവിന്റെ പാർട്ടഭിനയിക്കുന്നതിന് സർവ പ്രാപ്തികളാലും സമ്പന്നരാകൂ.

## മാതേശ്വരിജിയുടെ  അമൂല്യമഹാവാക്യങ്ങൾ

ഭഗവാനുവാച –കുട്ടികളോട്, കുട്ടികളേ ഈ ഗുരുമതം, ശാസ്ത്രമതം, ഒന്നും എന്റെ മതമല്ല, ഇവർ കേവലം എന്റെ പേരിൽ നിർദേശം നൽകുന്നു എന്നാൽ എന്റെ മതം ഞാൻ അറിയുന്നു, എന്റെ വരവിന്റെ അർഥവും ഞാൻ വന്ന് നൽകുന്നു, അതിനും മുമ്പായി എന്റെ വിലാസം ആരും തന്നെ അറിയുന്നില്ല. ഗീതയിൽ ഭഗവാനുവാച ഉണ്ടാകാം എന്നാൽ ഗീതയും മനുഷ്യനാണ് കേൾപ്പിച്ചത്. ഭഗവാൻ സ്വയം ജ്ഞാനസാഗരനാണ്, ഭഗവാൻ എന്തു  മഹാവാക്യങ്ങൾ കേൾപ്പിച്ചുവോ അതിന്റെ ഓർമചിഹ്നമായി പിന്നെ ഗീത ഉണ്ടാക്കിയിരിക്കുന്നു. ഈ വിദ്വാന്മാർ, പണ്ഡിതർ, ആചാര്യർ പറയുന്നു പരമാത്മാവ് സംസ്കൃതത്തിൽ മഹാവാക്യങ്ങളുച്ചരിച്ചു, അതു പഠിക്കാതെ പരമാത്മാവിനെ ലഭിക്കില്ല. ഇതാണെങ്കിൽ ഒന്നുകൂടി തല തിരിഞ്ഞ കർമകാണ്ഡത്തിൽ കുടുക്കുന്നു, വേദശാസ്ത്രങ്ങൾ പഠിച്ച് ആ പടികൾ കയറി പിന്നെ അത്രയും തന്നെ ഇറങ്ങണം അതായത് അവയെ മറന്ന് ഒരു പരമാത്മാവുമായി ബുദ്ധിയോഗം യോജിപ്പിക്കണം. എന്തെന്നാൽ പരമാത്മാവ് തെളിച്ച് പറയുന്നു ഈ കർമകാണ്ഡം, വേദശാസ്ത്രങ്ങൾ പഠിക്കുന്നതിലൂടെ എന്റെ പ്രാപ്തിയുണ്ടാകുന്നില്ല. നോക്കൂ ധ്രുവൻ, പ്രഹ്ലാദൻ, മീര എന്തു ശാസ്ത്രങ്ങൾ പഠിച്ചു? ഇവിടെ പഠിച്ചതു കൂടി എല്ലാം മറക്കണം. അർജുനനും പഠിച്ചിട്ടുണ്ടായിരുന്നു,അപ്പോൾ മറക്കേണ്ടി വന്നതു പോലെ. ഭഗവാന്റെ ശുദ്ധമഹാവാക്യമാണ് ശ്വാസ ശ്വാസത്തിൽ എന്നെ ഓർമിക്കൂ. ഇതിൽ ഒന്നും ചെയ്യേണ്ടതിന്റെ ആവശ്യമില്ല. ഏതു വരെ ഈ ജ്ഞാനമില്ലയോ അപ്പോൾ ഭക്തിമാർഗം നടക്കുന്നു. പക്ഷേ ്ഞാനത്തിന്റെ ദീപം തെളിയുന്നതോടെ കർമകാണ്ഡം വിടുന്നു എന്തെന്നാൽ കർമകാണ്ഡം ചെയ്തുചെയ്ത് അഥവാ ശരീരം വിടുകയാണെങ്കിലും പ്രയോനമെന്താണ് ലഭിച്ചത്? പ്രാലബ്ധമുണ്ടായില്ല, കർമബന്ധനത്തിന്റെ കണക്കുപുസ്തകത്തിൽ നിന്നു മുക്തി ലഭിച്ചില്ല. ആളുകൾ കരുതുന്നു കള്ളം പറയരുത്, മോഷ്ടിക്കരുത്, ആരെയും ദു:ഖിപ്പിക്കരുത, ഇത് നല്ല കർമം. എന്നാൽ ഇവിടെയാണെങ്കിൽ സദാ കാലത്തേക്ക് കർമങ്ങളുടെ ബന്ധനത്തിൽ നിന്നു വിടണം, വികർമത്തിന്റെ ജഡത്തെ കളയണം. നാമിപ്പോൾ ആഗ്രഹിക്കുന്നു ഇങ്ങനെയുള്ള വിത്തിടണം, അതിലൂടെ നല്ല കർമങ്ങളുടെ വൃക്ഷമുണ്ടാകണം. അതിനാൽ മനുഷ്യജീവിതത്തിൽ സ്വന്തം കർത്തവ്യത്തെ അറിഞ്ഞ് ശ്രേഷ്ഠകർമം ചെയ്യണം. ബാക്കി പരമാത്മാവിനെ ആര് എത്ര അറിയുന്നുവോ അത്രയും സമീപത്തേക്കു വരുന്നു. ഈ എല്ലാ രഹസ്യവും പാരബ്രഹ്മത്തിൽ, ആതാള–പാതാളത്തിൽ നിന്നും അങ്ങു ദൂരെ, വസിക്കുന്നയാൾ പരമാത്മാ വന്ന് കേൾപ്പിക്കുന്നു. ശരി  ഓം ശാന്തി